പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4210

13.12.2018 ൽ മറുപടിക്ക്

## സിമന്റിന്റെ വില നിയന്ത്രിക്കുന്നതിന് നടപടി

ചോദ്യം
ശ്രീ.ടി. വി. ഇബ്രാഹിം
ശ്രീ.എൻ .എ.നെല്ലിക്കുന്ന്
ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്
ശ്രീ.സി.മമ്മൂട്ടി

മറുപടി
ശ്രീ.ഇ.പി.ജയരാജൻ
(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സിമന്റ് കമ്പനികൾ അടുത്ത ദിവസങ്ങളിൽ വില വർദ്ധിപ്പിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | കേരള സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സ് ലിമിറ്റഡ് വില വർദ്ധിപ്പിച്ചിട്ടില്ല. |
| ബി) | പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് സിമന്റ് വലിയതോതിൽ ആവശ്യമായി വരുന്ന സാഹചര്യത്തിൽ സിമന്റിന്റെ വില നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | ബി) | മലബാർ സിമന്റ്സിന്റെ വില മറ്റ് ബ്രാൻഡുകളെക്കാൾ താരതമ്യേന കുറവാണ്. മറ്റ് സിമന്റ് ബ്രാൻഡുകൾ 425 രൂപ മുതൽ വിൽക്കുമ്പോൾ മലബാർ സിമന്റിന്റെ എം.ആർ.പി. വില 400 രൂപയാണ്. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം മൂലം മലബാർ സിമന്റ്സിന്റെ ഉല്പാദനം കുറഞ്ഞപ്പോൾ മറ്റ് ബ്രാൻഡുകൾ വില കൂട്ടുകയുണ്ടായി.<br>നവീകരണ വിപുലീകരണ പദ്ധതികളിലൂടെ സിമന്റിന്റെ ഉല്പാദനവും വിപണ സംവിധാനങ്ങളും വർദ്ധിപ്പിച്ച് സിമന്റ് വിപണിയിൽ ഫലപ്രദമായി ഇടപെടുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. മലബാർ സിമന്റ്സിന്റെ വാളയാർ പ്ലാന്റിന്റെ നവീകരണത്തിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കമ്പനിയിലെ |

| | | | |
|---|---|---|---|
| | | | വിപണന സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഡീലർമാരുടെ ഒരു യോഗം 22.11.2018 ന് എറണാകുളത്ത് വച്ച് കൂടുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. |
| സി) | പ്രളയ ബാധിതർക്കുള്ള വീട് നിർമ്മാണത്തിന് അൻപത് ശതമാനം വിലക്കുറവിൽ സിമന്റ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ